# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 717 — 02.12.2015 -ൽ മറുപടിക്ക്

## എയ്ഡ്സ് കൺട്രോൾ സൊസൈറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ താളം തെറ്റാൻ ഇടയായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (എ) | എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സുഗമമായി നീങ്ങുന്നുണ്ട്. താളം തെറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കേന്ദ്ര ഫണ്ട് വകമാറ്റി ചെലവഴിച്ചതിനാലാണ് സൊസൈറ്റിയിലെ ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയാതെ വന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് വിശദമാക്കുമോ ; | (ബി) | കേന്ദ്ര ഫണ്ട് വകമാറ്റി ചിലവഴിച്ചിട്ടില്ല. കൂടാതെ സൊസൈറ്റിയിലെ ജീവനക്കാർക്ക് 2015 ഒക്ടോബർ വരെയുള്ള മുഴുവൻ ശമ്പളവും നൽകിയിട്ടുണ്ട്. |
| (സി) | സൊസൈറ്റിയിൽ എത്രപേരെയാണ് നിയമിച്ചിരുന്നതെന്നും അതിൽ എത്ര ജീവനക്കാർ ഇപ്പോൾ തുടരുന്നുണ്ടെന്നും അവർക്ക് എത്ര മാസത്തെ ശമ്പള കുടിശ്ശികയുണ്ടെന്നും വിശദമാക്കുമോ ? | (സി) | സൊസൈറ്റിയുടെ ഹെഡ്ഓഫീസിലും പെരിഫറൽ യൂണിറ്റുകളിലുമായി 604 തസ്തികകൾ ഉള്ളതിൽ 555 പേർ ജോലി ചെയ്യുന്നുണ്ട്. ഇവർക്കെല്ലാവർക്കും 2015 ഒക്ടോബർ വരെയുള്ള ശമ്പളം നൽകിയിട്ടുണ്ട്. ശമ്പള കുടിശ്ശിക നൽകാനില്ല. |

സെക്ഷൻ ഓഫീസർ